# നിരുക്തപരിചയം

(9 -ാം ക്ലാസിലെ പാഠഭാഗത്തിനുള്ള അധ്യാപകസഹായി)

--ഹരിപ്രസാദ്,വിടി.കടമ്പൂര്--

**അർഥം അറിയാതെ കേവലം പദങ്ങളെ മാത്രം മനസിലാക്കുന്നവൻ ഭാരം ചുമക്കുന്ന വെറുംതൂണ് മാത്രമാണ്**

**....യാസ്കൻ**

## യാസ്കനിരുക്തം

വേദങ്ങളിലെ പദങ്ങളെ സമാഹരിച്ച അജ്ഞാതകർതൃകമായ കോശഗ്രന്ഥമാണ് വൈദികനിഘണ്ടു. നൈഘണ്ടുകകാണ്ഡം, നൈഗമകാണ്ഡം, ദേവതാകാണ്ഡം എന്നിങ്ങനെ മൂന്ന് ഭാഗങ്ങളിലായി വിഭജിച്ചിരിക്കുന്ന ഈ നിഘണ്ടുവിൽ ഗൗഃ ശബ്ദം മുതൽ ദേവപത്നിഃ വരെയുള്ള ആയിരത്തിഎഴുന്നൂറ്ററുപതിലധികം ശബ്ദങ്ങൾ സമാഹരിക്കപ്പെട്ടിരിക്കുന്നു. ഈ നിഘണ്ടുവിന്ന് യാസ്കാചാര്യൻ നിർമ്മിച്ചിട്ടുള്ള വ്യാഖ്യാനമാണ് നിരുക്തം. നിഘണ്ടുവിലെ മൂന്നിലൊന്നു പദങ്ങളെ മാത്രമേ യാസ്കൻ തന്റെ നിരുക്തത്തിൽ നിർവചിക്കുന്നുള്ളൂ. എന്നാൽ താൻ ഉദ്ധരിക്കുന്ന വേദമന്ത്രങ്ങളിലെ പദങ്ങളുടെ നിർവചനവും ആചാര്യൻ യഥാ സന്ദർഭം ചെയ്തിട്ടുണ്ട്. കൂടാതെ അദ്ദേഹം പദങ്ങളെ നിർവചിക്കേണ്ടതിന്റെ ആവശ്യവും ആധുനികഭാഷാശാസ്ത്രത്തിനുപോലും മാർഗദർശകമായ നിർവചനവിധികളും മറ്റും ചേർത്ത് തന്റെ ഗ്രന്ഥത്തിന്ന് ഒരു ശാസ്ത്രഗ്രന്ഥത്തിന്റെ സമഗ്രതവരുത്തിയിട്ടുണ്ട്. യാസ്കന് മുന്നെ നിരവധി നിരുക്തകാരന്മാർ ഉണ്ടായിരുന്നുവെങ്കിലും വേദാംഗങ്ങളിലൊന്നായി പരിഗണിക്കപ്പെടുന്ന നിരുക്തം എന്ന അംഗത്തിന് ഇന്ന് ലഭ്യമായിട്ടുള്ള ഒരേയൊരു പ്രാമാണിക ഗ്രന്ഥം യാസ്കനിരുക്തം മാത്രമാണ്.

## നിരുക്തം അഥവാ നിർവചനപദ്ധതി

വേദമന്ത്രങ്ങൾക്ക് അർത്ഥമില്ലെന്ന പ്രബലമായ ഒരു വാദം പ്രാചീനകാലം മുതൽ നിലനിന്നിരുന്നു. കൗത്സൻ മുതലായ ആചാര്യന്മാരായിരുന്നു ഈ പ്രബലമായ അർത്ഥ നിരാസവാദത്തിന്റെ പ്രവക്താക്കൾ. ഉപസർഗത്തിന് അർത്ഥമില്ലെന്ന് ശാകടായനൻ തുടങ്ങിയ നിരുക്തകാരന്മാരും, അർത്ഥമുണ്ടെന്ന് ഗാർഗ്യൻ തുടങ്ങിയ നിരുക്തകാരന്മാരും സയുക്തികങ്ങളായ വാദങ്ങൾ മുന്നോട്ടുവെച്ച ഘട്ടത്തിലാണ് ആ പൂർവപക്ഷങ്ങളെ സമഗ്രമായി അപഗ്രഥിച്ചുകൊണ്ടും മന്ത്രങ്ങൾ അർത്ഥപൂർണമാണെന്ന തന്റെ സിദ്ധാന്തം സ്ഥാപി

ച്ചുകൊണ്ടും യാസ്കൻ തന്റെ നിരുക്തം നിർമിച്ചത്. പദങ്ങളുടെ അർത്ഥങ്ങളെ നിശ്ശേഷമായും നിർവചിക്കാം എന്നാണ് യാസ്കമതം. **നിഷ്കൃഷ്യ, വിഗൃഹ്യ വചനം - നിർവചനം** എന്നാണ് നിരുക്തപദത്തിന്റെ അർത്ഥം. പദങ്ങളുടെ അവയവാർത്ഥങ്ങളെ നിർവചിച്ച് പദങ്ങളുടെ സൂക്ഷ്മമായ അർത്ഥബോധമുണ്ടാക്കാം എന്ന് ഈ ശാസ്ത്രം വ്യക്തമാക്കുന്നു.

## യൗഗികാർത്ഥവും രൂഢാർത്ഥവും

പദങ്ങളിലെ പ്രകൃതി-പ്രത്യയവിഭാഗങ്ങളിൽ നിന്നും (അവയവങ്ങളിൽ നിന്ന്) ക്ഷണത്തിൽ അർത്ഥബോധം സിദ്ധമാകുന്ന പദങ്ങളും എളുപ്പത്തിൽ അർത്ഥം ലഭിക്കാത്ത പദങ്ങളും ഉണ്ട്. **വനേചരൻ** എന്ന പദത്തിലെ **വനേ** എന്ന പൂർവഭാഗത്തിൽ നിന്ന് **വനത്തിൽ** എന്ന അർത്ഥവും **ചരൻ** എന്ന അന്ത്യാവയവത്തിൽ നിന്നു **ചരിക്കുന്നവൻ** എന്ന അർത്ഥവും ലഭിക്കുന്നു. അതിനാൽ **വനേചരഃ** എന്ന പദത്തിന് **വനത്തിൽ സഞ്ചരിക്കുന്നവൻ** എന്ന പൂർണമായ അർത്ഥം ലഭിക്കുന്നു. ഈ അർത്ഥത്തെ **യൗഗികാർത്ഥം** എന്നും ഈ സമഗ്രപദത്തെ **പ്രത്യക്ഷവൃത്തി** എന്നും പറയുന്നു. എന്നാൽ ചില പദങ്ങളുടെ അർത്ഥം ഇപ്രകാരം വ്യക്തമാകാത്തരീതിയിൽ പ്രയോഗം കൊണ്ട് രൂഢമൂലമായിത്തീർന്നിട്ടുണ്ട്. അത്തരം പദങ്ങളെ **രൂഢി** അഥവാ **പരോക്ഷ വൃത്തി** എന്ന് പറയുന്നു. ഉദാഹരണത്തിന് **സ്യാലഃ** എന്ന പദത്തിന്റെ അർത്ഥം അതിലെ ഘടകപദങ്ങളിൽ നിന്നും പെട്ടെന്ന് വ്യക്തമാകുന്നില്ല. അതിനാൽ **ഭാര്യാസഹോദരൻ** എന്നർത്ഥത്തിൽ ഉറച്ചുപോയ (രൂഢമായ) ഈ പദം പരോക്ഷവൃത്തിയാണ്. ഇത്തരം പരോക്ഷവൃത്തി ശബ്ദങ്ങളുടേയും അതിപരോക്ഷവൃത്തി ശബ്ദങ്ങളുടേയും നിർവചമാണ് നിരുക്തത്തിന്റെ പരിധിയിൽ വരുന്നത്.

## പഞ്ചവിധനിരുക്തികൾ

***ആചാര്യഃ - ആചാരത്തെ ഗ്രഹിപ്പിക്കുന്നവൻ, അഥവാ ആചാരത്തെ ഉപദേശിക്കുന്നവൻ*** എന്ന് നിർവചിക്കുന്നതും, ***ആതപത്രം- ആതപാത് (വെയിലിൽ നിന്ന്) ത്രായതേ (രക്ഷിക്കുന്നത്)*** എന്ന് നിർവചിക്കുന്നതും ***വാർഷികം -വർഷകാലത്തിൽ ഭവിച്ചത്*** എന്ന് നിർവചിക്കുന്നതും പ്രത്യക്ഷവൃത്തിയിൽ പെടുന്നതാണ്. വ്യാകരണത്തിലെ പ്രകൃതി-പ്രത്യയനിയമമനുസരിച്ച് ഇത്തരം പദങ്ങളെ അനായാസം നിർവചിക്കാവുന്നതാണ്. ഇപ്രകാരം വ്യാകരണനിയമങ്ങൾ കൊണ്ട് നിർവചിക്കാനാവാത്ത പദങ്ങളെ **പൃഷോദരാദീനി യഥോപദിഷ്ടം (അഷ്ടാധ്യായി6-3-109)**

എന്ന സൂത്രം കൊണ്ട് പാണിനിമഹർഷി മാറ്റിവെക്കുകയാണ് ചെയ്തിരിക്കുന്നത്. **പൃഷോദരം** മുതലായ പദങ്ങൾ എപ്രകാരമാണോ ലോകവ്യവഹാരത്തിൽ ഉപയോഗിക്കപ്പെട്ടുവരുന്നത് അത് ലൗകികവ്യവഹാരം കൊണ്ടുതന്നെ സാധുവാണ് എന്നാണ് വിശാല മനസ്കനായ ആചാര്യന്റെ അഭിമതം.

ഇപ്രകാരം വ്യാകരണശാസ്ത്രത്തിന്റെ പരിധി അവസാനിക്കുന്നിടത്താണ് നിരുക്ത ശാസ്ത്രത്തിന്റെ സാമ്രാജ്യം ആരംഭിക്കുന്നത്. ഓരോ പദത്തെയും ഉടച്ചെടുത്ത് അതിന്റെ അർത്ഥം ചൂഴ്ന്നെടുക്കുന്നതാണ് നിരുക്തത്തിന്റെ രീതി. ഏതെങ്കിലും ഒരു സ്വഭാവത്തെയോ ഗുണത്തെയോ ആകൃതിയേയോ ആചാരത്തെയോ മറ്റോ മറ്റോ ആധാരമാക്കിയല്ലാതെ ലോകത്തിൽ ഒരു പദവും ഉണ്ടാകില്ലെന്നാണ് നൈരുക്തികന്മാരുടെ സിദ്ധാന്തം. അതിനാൽ അർത്ഥം മനസ്സിലാവാത്ത അതിപരോക്ഷവൃത്തിയായ പദത്തെ പരോക്ഷ വൃത്തിയിലേക്കും പ്രത്യക്ഷവൃത്തിയിലേക്കും കൊണ്ടുവന്ന് നിർവചിക്കാമെന്ന് നിരുക്ത ശാസ്ത്രം സിദ്ധാന്തിക്കുന്നു. അതിന് ആചാര്യന്മാർ കല്പിച്ച പ്രധാനപ്പെട്ട അഞ്ച് രീതികൾ ഇവയാണ്.

**<u>1 വർണാഗമം</u>** - ഹംസഃ എന്ന ശബ്ദം വർണാഗമത്തിന് ഉദാഹരണമാണ്. ആദ്യം ഇല്ലാതിരുന്ന ഒരു വർണം പുതുതായി ആഗമിച്ചിട്ടാണ് ഹംസശബ്ദം ഉണ്ടായതെന്ന് കല്പിക്കുന്നു. **ഹന്** എന്ന ധാതുവിന് **ഹിംസ** എന്നും **ഗതി** എന്നും രണ്ടർത്ഥമുണ്ട്. അതിനോട് **സ** എന്ന പദം പുതുതായി ചേർന്ന് **ഹന്** + **സ** =**ഹംസ** എന്നാകുന്നു. ഹന് ധാതുവിന് ഗതി എന്നർത്ഥമുള്ളതിനാൽ **ഹംസ**ശബ്ദത്തിന് **സുന്ദരമായി ഗമിക്കുന്നത്** എന്ന് പദാർത്ഥം കല്പിക്കുന്നു.

**<u>2 വർണവിപര്യയം</u>** - വർണങ്ങളുടെ സ്ഥാനവ്യതിയാനം. **ഹിംസ** എന്ന പദത്തിലെ **ഹ്,സ്** എന്നീ വർണ്ണങ്ങൾ പരസ്പരം സ്ഥാനം മാറിനിന്നുകൊണ്ട് **സിംഹ** എന്ന ശബ്ദം ഉണ്ടായിരിക്കുന്നു. അതിനാൽ **ഹിംസിക്കുന്നത്** എന്ന് സിംഹപദത്തിന് അർത്ഥം.

**<u>3 വർണവികാരം</u>** - ഒരു വർണം മാറി മറ്റൊന്നാകുന്നു. **ശുദ്ധമായ ആത്മാവോടു കൂടിയവൻ** എന്ന അർത്ഥത്തിൽ പരമാത്മാവിന്ന് **ശുദ്ധോത്മാ** എന്ന് പേരുണ്ട്. **ശുദ്ധ+ ആത്മാ** എന്നത് **ശുദ്ധാത്മാ** എന്നാണ് വ്യാകരണനിയമമനുസരിച്ച് രൂപസിദ്ധി വരേണ്ടതെങ്കിലും **ശുദ്ധോത്മാ** എന്നാണ് ശ്രുതികളിലും മറ്റും പ്രയോഗം. ഇവിടെ സവർണദീർഘമായ **ആ** എന്നവർണത്തിന് മാറ്റം വന്ന്, വർണവികാരം വന്ന്, **ഉ**

എന്നായി **ശുദ്ധോദ്ധാ** എന്നായിരിക്കുന്നു.

**4 വർണലോപം** - വർണത്തിന് വരുന്ന ലോപം. **വലിയ ഉദരം ഉള്ളത്** എന്ന അർത്ഥത്തിൽ **പൃഷദ് + ഉദരം = പൃഷദുദരം** എന്നാണ് പദം വരേണ്ടതെങ്കിലും **ദ്** എന്ന വർണത്തിന് ലോപം സംഭവിച്ച് **പൃഷ + ഉദരം = പൃഷോദരം** എന്നായിരിക്കുന്നു.

**5 ധാത്വർത്ഥാനുസാരം** - ധാതുവിന്റെ പ്രസിദ്ധാർത്ഥത്തിൽനിന്നും മാറി അർത്ഥാന്തരം കല്പിക്കുക എന്ന രീതി. **ലാജ** ശബ്ദത്തിന് **വറുത്തെടുത്ത ധാന്യം** എന്നർത്ഥം. **ലാജ-ഭർത്സനേ** എന്ന ധാത്വർത്ഥമനുസരിച്ച് ലാജ എന്ന ധാതുവിന് നിന്ദാർത്ഥമാണ് പ്രസിദ്ധമെങ്കിലും **ഭർജനം** എന്ന അർഥം കല്പിച്ച് വറുത്തെടുത്ത അഥവാ **പൊരിച്ചെടുത്ത ധാന്യം** എന്ന അർത്ഥം കല്പിക്കുന്നു. ***(ലാജ്-ഭർത്സന ഭർജനയോഃ എന്ന് ധാതുപാഠം)***

ഇങ്ങനെ പ്രധാനപ്പെട്ടതും പരസ്പരപൂരകങ്ങളുമായ അഞ്ച് രീതികളാണ് അർത്ഥനിർവചനത്തിന് സ്വീകരിക്കുന്നത്. മലയാളത്തിലെ ചില പ്രസിദ്ധപദങ്ങളുടെ നിരുക്തി ഈ രീതിയിൽ സമർത്ഥിക്കാവുന്നതാണ്. എപ്രകാരമെന്നാൽ -

**ചത്ത് പോയി** എന്ന മലയാളപദം **സത്ത് പോയി** എന്നപദത്തിലെ **സ** എന്ന പദത്തിന് വർണമാറ്റം വന്ന് **ച** എന്ന് ആയി മാറിയതാണ്.

**മലയാളി** എന്ന പദം സഹ്യൻ എന്ന **മലയും** അറബിക്കടൽ എന്ന **ആഴിയും** അതിരുകളായ ദേശത്ത് താമസിക്കുന്നവൻ എന്ന അർത്ഥത്തിൽ പ്രസിദ്ധമാണ്. **മല + ആഴി = മലയാഴി. ഴ** കാരത്തിന് പകരം **ള** കാരം വന്ന് **മലയാളി** എന്നാകുന്നു.

**പലഹാരം** എന്ന പദം **ഫലാഹാരം** എന്ന പദത്തിന് വർണവിപര്യയവും വർണലോപവും വന്നുണ്ടായതാണ്. പഴങ്ങൾ (ഫലങ്ങൾ) ആഹാരമായി നല്കിയിരുന്ന നാട്ടുനടപ്പ് അടിസ്ഥാനമാക്കി **ഫലാഹാരം** എന്ന പദം നിഷ്പന്നമാകുകയും പ്രയത്ന ലാഘവം ആഗ്രഹിക്കുന്ന വക്താക്കൾ **ഫ** എന്ന പദത്തിനു പകരം എളുപ്പത്തിൽ **പ** എന്ന് പ്രയോഗിച്ച് **പലാഹാരം** എന്നും **ആ** എന്ന ദീർഘം ലോപിച്ച് **പലഹാരം** എന്നുമായിത്തീർന്നിരിക്കുന്നു.

**കം** എന്നതിന് സംസ്കൃതത്തിൽ മൂന്നർത്ഥങ്ങളുണ്ട്. **സുഖ-ശീർഷ-ജലാനി കം**

എന്ന് നാനാർത്ഥനിഘണ്ടു. **കം** എന്നതിന് **തല** എന്നർത്ഥം സ്വീകരിച്ചാൽ **കേ** (സപ്തമീ വിഭക്തിരൂപം) എന്നതിന് **തലയിൽ** എന്നർത്ഥം. **കേശഃ** എന്നതിന് **കേ ശേതേ - തലയിൽ ശയിക്കുന്നത്** എന്ന് അർത്ഥം ലഭിക്കുന്നത് ഇപ്രകാരമാണ്. **ശുഷ്കം** എന്നതിന് **ശോഷിച്ച കം (ജലം) - ജലാംശം** അഥവാ **ആർദ്രത നഷ്ടപ്പെട്ടത്** എന്നർത്ഥം. ഇവിടെയെല്ലാം പ്രത്യക്ഷവൃത്തിയാകയാൽ വർണാഗമലോപവികാരങ്ങൾ ആവശ്യമായിവരുന്നില്ല.

ഇപ്രകാരം വർണങ്ങൾ ലോപിപ്പിച്ചും, പകരം ചേർത്തും, പരസ്പരം മാറ്റിവെച്ചും അർത്ഥം യോജിച്ചുവരുന്നരീതിയിൽ വ്യാഖ്യാനിക്കാനുള്ള സ്വാതന്ത്ര്യം നിരുക്തശാസ്ത്രം നല്കുന്നുണ്ട്. എന്നാൽ അത് നിയമാനുസൃതവും സയുക്തികവും ആയിരിക്കണമെന്ന്മാത്രം. **ശിരസിനെ ത്രാണനം ചെയ്യുന്നത്** എന്ന അർത്ഥത്തിൽ തലപ്പാവിന് **ശിരസ്ത്രം** എന്ന് പേരുണ്ട്. ആ അർത്ഥസിദ്ധി അനുസരിച്ചാണ് വസ്ത്രം എന്നപദം നിർവചിക്കുന്നത്. **വസ്ത്രം** എന്ന ലോകപ്രസിദ്ധമായ പദത്തിൽ **പു** എന്ന വർണത്തെ ആഗമിപ്പിച്ച് **വപുസ്ത്രം - വപുസിനെ ത്രാണനം ചെയ്യുന്നത് -** എന്ന് പദം സങ്കല്പിക്കുന്നു. പിന്നീട് **പു** എന്ന വർണത്തിന്റെ ലോപമാണ് **വസ്ത്രം** എന്ന പദത്തിന് ആധാരം എന്ന് സിദ്ധാന്തിക്കുന്നു. **വസ-ആച്ഛാദനേ** എന്ന ധാതുവിൽ നിന്നും ***ആച്ഛാദനം ചെയ്യാൻ ഉപയോഗിക്കുന്നത്*** എന്ന അർത്ഥത്തിലും **വസ്**ത്രശബ്ദം നിഷ്പാദിപ്പിക്കാവുന്നതാണ്.

ഇതുപോലെ **പാരിജാതം** എന്നപദത്തെ നിർവചിക്കുന്നത് അതിന്റെ ഉദ്ഭവവും ആയി ബന്ധപ്പെട്ട ഐതിഹ്യമനുസരിച്ചാണ്. പാലാഴി കടയുമ്പോൾ ആ സമുദ്രജലത്തിൽ നിന്നുണ്ടായതാണല്ലോ ഐരാവതവും പാരിജാതവും മറ്റും. **ഐരാവതം** എന്നപദത്തെ പ്രത്യക്ഷവൃത്തിയായി നിർവചിക്കാവുന്നതാണ്. **ഇര-വെള്ളം, ഇരയുള്ളവൻ- ഇരാവാൻ (സമുദ്രം), ഇരാവതഃ അപത്യം ഐരാവതം.** അതിനാൽ ഐരാവതം ജലത്തിലുണ്ടായതാണ് എന്ന് സ്പഷ്ടമാകുന്നു. എന്നാൽ ***പാരി*** എന്ന ഒരു പദമില്ലാത്തതിനാൽ **പാരിജാതം** എന്ന പദത്തെ നിർവചിക്കാൻ പ്രയാസമുണ്ട്. അപ്പോൾ **പ** എന്ന വർണത്തിന് പകരം **വ** എന്ന വർണമാറ്റം വന്നതാണെന്ന് സങ്കല്പിക്കുന്നു. അങ്ങനെ **വാരിജാതം -വെള്ളത്തിൽ ജനിച്ചതാണ് പാരിജാതം** എന്ന് നിർവചിക്കുന്നു.

മേലെ സൂചിപ്പിച്ച **ഭാര്യാസഹോദരൻ** എന്നർത്ഥത്തിലുള്ള **സ്യാല** പദത്തിന് ആചാരത്തെ അടിസ്ഥാനമാക്കിയാണ് അർത്ഥം കല്പിക്കുന്നത്. വിവാഹസമയത്ത്

വധുവിന്റെ സഹോദരൻ അഗ്നിയിൽ ഹോമിക്കാൻ **ലാജം** (മലർ) എടുത്തുനല്കുന്ന ആചാരമുണ്ട്. ആ ആചാരത്തെ മുൻനിർത്തി **സ്യാത്** *(മുറത്തിൽ നിന്ന് -സ്യം എന്ന തിന്റെ പഞ്ചമി, സ്യം-മുറം)* **ലാജം** *(മലർ)* **ദദാതി യഃ സഃ - സ്യാലഃ** എന്ന് അർത്ഥം കല്പിക്കുന്നു.

**പൃഷോദരാദീനി യഥോപദിഷ്ടം** (6-3-109) എന്ന അഷ്ടാധ്യായീ സൂത്രത്തിന്റെ വ്യാഖ്യാനത്തിൽ എല്ലാ വ്യാഖ്യാതാക്കളും ഈ നിരുക്തരീതിക്ക് ഉദാഹരണം പ്രദർശിപ്പിച്ചിട്ടുണ്ട്. കാശികാവൃത്തിയിലെ ചില ഉദാഹരണങ്ങൾ കൂടി പ്രദർശിപ്പിച്ചുകൊണ്ട് ഈ പ്രകരണം അവസാനിപ്പിക്കുന്നു.

**മേഘം** എന്ന അർത്ഥത്തിൽ പ്രസിദ്ധമാണ് **ജീമൂത**പദം. **ജീവനസ്യ** *(ജലത്തിന്റെ )* **മൂതഃ** *(സംഘാതം)* - **ജീമൂതഃ** ഇവിടെ **വന**ശബ്ദം ലോപിച്ച് **ജീമൂതം** എന്നാകുന്നു. *(വനശബ്ദത്തിന് മാത്രമായും ജലം എന്നർത്ഥമുള്ള കാര്യം സ്മർത്തവ്യം)*

ശവങ്ങൾ ശയിക്കുന്ന സ്ഥലം എന്ന അർത്ഥത്തിൽ **ശ്മശാനം** എന്ന പദമാണ് പ്രസിദ്ധം. **ശവാനാം ശയനം - ശ്മശാനം** - ഇവിടെ **ശവ** ശബ്ദത്തിന് **ശ്മ** എന്ന പദം ആദേശമായി വരുന്നു. **ശയന** ശബ്ദത്തിന് **ശാന** എന്നും ആദേശം.

ഉരൽ എന്ന അർത്ഥത്തിൽ **ഉലൂഖലം** എന്ന് പ്രസിദ്ധം. **മേൽഭാഗം ആകാശമുള്ളത് *(അതായത് കുഴിഞ്ഞ് ശൂന്യമായത്, ഊർധ്വം ഖം )*** എന്ന **ഊർധ്വഖം** എന്നപദത്തിലെ **ഊർധ്വ** ശബ്ദത്തിന് **ഉലൂ** എന്നും **ഖം** എന്നതിന് **ഖല** എന്നും ആദേശം വന്നിട്ടാണ് **ഉലൂഖലം** എന്ന പദം ഉണ്ടായിട്ടുള്ളത്.

ഏത് പദങ്ങളും ധാതുവിൽ നിന്ന് നിഷ്പന്നമാണെന്ന യാസ്കമതമനുസരിച്ച് സംസ്കൃത പദങ്ങളുടെ അർത്ഥം സ്പഷ്ടമായും വ്യക്തമാക്കുന്നതാണ് നിരുക്തശാസ്ത്രത്തിന്റെ രീതിശാസ്ത്രം. പദനിർവചനവിധികളിൽ ആധുനിക ഭാഷാശാസ്ത്രഗവേഷകർക്ക് പോലും മാർഗദർശനമേകിയ നിരുക്തസമ്പ്രദായത്തെ സാമാന്യമായെങ്കിലും പരിചയപ്പെടാൻ സാധിച്ചാൽ പദനിർവചനം രസകരവും ആസ്വാദ്യവും ആയിത്തീരുന്നതാണ്. അതിന് നിരുക്തപഠനം പ്രയോജനപ്രദമാകട്ടെ. ഇതി ശമ്.

നന്ദന്തി കേചിത് സദയം
കേചിത് നിന്ദന്തി നിർദയം
താവുഭൗ ച പരിത്യജ്യ
ഭോ! പ്രബന്ധ! പ്രഗച്ഛതു

....ഹരിപ്രസാദ്,വി.ടി.കടമ്പൂര്......

hariprasadvt1973@gmail.com 9446431656